അവ രണ്ടും വിട്ടേക്കുക! തീർച്ചയായും ഞാൻ അവ രണ്ടും
ധരിച്ചത് ശുദ്ധിയോടെയാണ്
ُه عَنُْه- ഗീറഃുമ

َ ِض َي الل
ر- നിവേദനം: ഞാൻ നബി -صلى الله عليه وسلم- യോടൊപ്പം ഒരു യാത്രയിലായിരുന്നു.
(അവിടുന്ന് വുദൂഅ് എടുക്കാൻ തുനിഞ്ഞപ്പോൾ) ഞാൻ അവിടുത്തെ കാലുറകൾ അഴിക്കാൻ വേണ്ടി
കുനിഞ്ഞു. അപ്പോൾ അവിടുന്ന് പറഞ്ഞു: "അവ രണ്ടും വിട്ടേക്കുക! തീർച്ചയായും ഞാൻ അവ
രണ്ടും ധരിച്ചത് ശുദ്ധിയോടെയാണ്." എന്നിട്ട് നബി -صلى الله عليه وسلم- അവയുടെ മേൽ തടവി.
[صحيح] [متفق عليه]
നബി -صلى الله عليه وسلم- അവിടുത്തെ യാത്രകളിലൊന്നിൽ, വുദൂഅ് എടുക്കുകയായിരുന്നു. അവിടുന്ന് തൻ്റെ
കാലുകൾ കഴുകാനുള്ള സമയം എത്തിയപ്പോൽ മുഗീറഃ ബ്നു ശുഅ്ബഃ അവിടുത്തെ തിരുപാദങ്ങളിൽ
നിന്ന് നബി -صلى الله عليه وسلم- യുടെ കാലുറകൾ ഊരിയെടുക്കാൻ തുനിഞ്ഞു! അപ്പോൾ നബി -صلى الله عليه وسلم- അദ്ദേഹത്തോട്
പറഞ്ഞു: "അവ രണ്ടും താങ്കൾ ഊരേണ്ടതില്ല. ഞാൻ ഈ രണ്ട് ഖുഫ്ഫകളും ധരിച്ചത് എനിക്ക്
ശുദ്ധിയുള്ള അവസ്ഥയിലാണ്." ശേഷം നബി -صلى الله عليه وسلم- തൻ്റെ കാലുകൾ കഴുകുന്നതിന് പകരം രണ്ട്
ഖുഫ്ഫകളുടെയും മേൽ തടവി.
https://sunnah.global/hadeeth/ml/show/3014